# റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ

www.rbi.org.in

ഫെബ്രുവരി 16, 2018

## പഞ്ചാബ് നാഷണൽ ബാങ്കിലെ സാമ്പത്തിക തിരിമറിയെ സംബന്ധിച്ച റിസർവ് ബാങ്കിൻറെ പ്രസ്താവന

പഞ്ചാബ് നാഷണൽ ബാങ്കിലുണ്ടായ 1.77 ബില്യൺ ഡോളറിൻറെ തിരിമറിയുടെ പശ്ചാത്തലത്തിൽ ആ ബാങ്ക് മറ്റുള്ള ബാങ്കുകൾക്കു നൽകിയ ലെറ്റർ ഒഫ് അണ്ടർടേക്കിംഗ് ബാധ്യത ഏറ്റെടുക്കണമെന്ന് പഞ്ചാബ് നാഷണൽ ബാങ്കിനോട് റിസർവ് ബാങ്ക് ആവശ്യപ്പെട്ടതായി മീഡിയ റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അത്തരം നിർദ്ദേശം നൽകി എന്നത് റിസർവ് ബാങ്ക് നിഷേധിക്കുന്നു.

ആ ബാങ്കിലെ ഒന്നോ അതിലധികമോ ജീവനക്കാരുടെ ദുരുദ്ദേശപരമായ പ്രവൃത്തിയും, ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ പരാജയവും മൂലമുണ്ടായ ഓപ്പറേഷണൽ റിസ്കിൻറെ ഫലമാണ് പി.എൻ.ബി.യിലെ സാമ്പത്തിക തിരിമറി. റിസർവ് ബാങ്ക് ആ ബാങ്കിലെ കൺട്രോൾ സിസ്റ്റത്തെ സംബന്ധിച്ച വിദഗ്ധ പരിശോധന തുടങ്ങിക്കഴിഞ്ഞു. ബാങ്കുകളുടെ മേൽനോട്ടസ്ഥാപനം എന്ന നിലയിൽ റിസർവ് ബാങ്ക് ആ ബാങ്കിനെതിരെ തക്കതായ നടപടി സ്വീകരിക്കും.

**ജോസ് കെ. കാട്ടൂർ**
ചീഫ് ജനറൽ മാനേജർ

**പത്ര പ്രസ്താവന: 2017-2018/2233**